"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി ഉമ റ്റി.എൻ- നെതിരായ ആരോപണത്തിന്മേലുള്ള അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1473/2025/LSGD തീയതി,തിരുവനന്തപുരം, 16-06-2025

പരാമർശം:-

1. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനിയറുടെ 09.08.2021-ലെ ഇ15/6778/20/സി.ഇ/തസ്വഭവ നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പിൽ നിന്നുള്ള 07.02.2022-ലെ 244/ഇഡബ്ല്യൂഎ4/15/തസ്വഭവ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. ശ്രീമതി ഉമ റ്റി.എൻ. സമർപ്പിച്ച 23.06.22-ലെ പ്രതിവാദപത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.05.2025-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/2698/2023-VIGC6 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി ഉമ റ്റി.എൻ. എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ച കാലയളവിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ അനാസ്ഥയും ഗുരുതരവീഴ്ചകളും ഉണ്ടായിട്ടുള്ളതിനാൽ ടിയാൾക്കെതിരെ അച്ചടക്കനടപടി ശിപാർശ ചെയ്തുകൊണ്ടുള്ള പരാമർശം 1 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ്എഞ്ചിനീയറായിയിരുന്ന ശ്രീമതി ഉമ റ്റി.എൻ.-നെതിരെ പരാമർശം 2 കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിത പരാമർശം 3 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ അനാസ്ഥയും ഗുരുതര വീഴ്ചകളും വരുത്തിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി സജിനി വി.വി. (പെൻ:493624)- യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

**3.** ഔപചാരിക അന്വേഷണോദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരുമാസത്തിനുള്ളിൽ സർക്കാറിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സജിനി വി.വി. (പെൻ:493624). അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്. **(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം) (പരാമർശിത രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ)**
2.ശ്രീമതി ഉമ റ്റി.എൻ.(PEN 694082) അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനിയർ, പഴയന്നൂർ **(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 16-06-2025 18:11:09
സെക്ഷൻ ഓഫീസർ